No. 79/2022

# സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാരും, സഹപട്ടക്കാരും, ദേശത്തുപട്ടക്കാരും, പള്ളികൈസ്ഥാനികളും, ശേഷം വിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരെ,

മാർച്ച് മാസം 8-ാം തീയതി ഐക്യരാഷ്ട്രസഭ 'അന്താരാഷ്ട്ര വനിതാ ദിന'മായി ആചരിക്കുന്ന സന്ദർഭത്തിൽ മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയും അഭിമാനപൂർവ്വം അതിൽ പങ്കുചേരുകയാണ്. ഈ വർഷത്തെ ഐക്യരാഷ്ട്രസഭയുടെ വനിതാദിന ആചരണം 'ഇന്നത്തെ സ്ത്രീ-പുരുഷ സമത്വം നാളത്തെ സുസ്ഥിരതയ്ക്കു' എന്ന ചിന്തയെ കേന്ദ്രീകരിച്ചാണ്. പരമ്പരാഗതമായ ജീവിത ശൈലി പിന്തുടർന്നു പോരുന്ന നമ്മുടെ സമൂഹത്തിൽ വനിതകളുടെ സേവനങ്ങളെയും, കുടുംബത്തിലും രാഷ്ട്രനിർമാണത്തിലും വനിതകൾക്കുള്ള പങ്കിനെയും വേണ്ടവിധത്തിൽ അംഗീകരിക്കുന്നില്ല എന്നത് ദുഖകരമാണ്. മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ കാലാകാലങ്ങളായി സമൂഹത്തിന്റെ വളർച്ചയുടെ സ്പന്ദനങ്ങൾ ഉൾക്കൊണ്ടുകൊണ്ട് വനിതകളുടെ സേവനങ്ങളെ ആദരിക്കുകയും അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. കുടുംബ ജീവിതത്തിന്റെ പരിപോഷണത്തിലും സാമൂഹിക പരിവർത്തനത്തിലും സഭയുടെ ആദ്ധ്യാത്മിക വളർച്ചയിലും വനിതകളുടെ പങ്ക് നിസ്തുലമാണ് എന്ന തിരിച്ചറിവിൽ വനിതകളുടെ പ്രവർത്തനങ്ങളെ സഭ എന്നും പ്രോത്സാഹിപ്പിച്ചിട്ടുണ്ട്. ഇടവക തലത്തിലുള്ള ഭരണ നിർവ്വഹണത്തിലും വിവിധ പ്രസ്ഥാനങ്ങളുടെ നേതൃത്വത്തിലും നയരൂപീകരണത്തിലുമൊക്കെ വനിതകൾക്ക് മുമ്പുണ്ടായിരുന്നതിനെക്കാൾ പങ്കാളിത്തം സഭ ഇന്ന് നൽകി വരുന്നുണ്ട്.

സഭാംഗങ്ങളായ വനിതകളുടെ സാമ്പത്തികവും സാമൂഹികവും ആത്മീയവുമായ വളർച്ച ലക്ഷ്യമാക്കിക്കൊണ്ടു 2009-ൽ രൂപീകൃതമായ **'നവജ്യോതി മോംസ്'** എന്ന പ്രസ്ഥാനത്തെക്കുറിച്ചു ഏവർക്കും അറിവുള്ളതാണല്ലോ. ഭാഗ്യസ്മരണാർഹനായ അഭിവന്ദ്യ ഡോ. സഖറിയാസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്തായുടെ ശ്രമഫലമായും മർത്തമറിയം വനിതാ സമാജത്തിന്റെ സഹകരണത്തിലും വളർന്നുവന്ന 'നവജ്യോതി മോംസ്' സാമ്പത്തികമായി പ്രയാസപ്പെടുന്ന സഭാംഗങ്ങളായ വനിതകൾക്ക് ഒരു അത്താണിയാണ്. എന്നാൽ കോവിഡ് കാലത്ത് സഭയും സമൂഹവും നേരിട്ടു കൊണ്ടിരിക്കുന്ന പ്രതിസന്ധികൾ ഈ പ്രസ്ഥാനത്തെയും ഏറെ ബാധിച്ചിട്ടുണ്ട്. 400-ൽ അധികം യൂണിറ്റുകൾ പ്രവർത്തിച്ചിരുന്ന സ്ഥാനത്തു ഇന്ന് നാമമാത്രമായ പ്രവർത്തനങ്ങളാണ് ഇടവക തലത്തിൽ നടക്കുന്നത്. 'നവജ്യോതി മോംസ്' പ്രവർത്തനത്തിലൂടെ വരുമാനം കണ്ടെത്തിയിരുന്ന വനിതകൾക്ക് കോവിഡ് കാലത്ത് തൊഴിലിൽ ഏർപ്പെടുന്നതിനോ വരുമാനമുണ്ടാക്കുന്നതിനോ കഴിയാതെ വന്നു. ജീവിത ചെലവുകൾ ക്രമാതീതമായി വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ സാമ്പത്തികമായി പ്രയാസം അനുഭവിക്കുന്ന വനിതകളെയും അവരുടെ കുടുംബങ്ങളെയും സഹായിക്കുകയും അവരുടെ കഴിവുകൾ വളർത്തുകയും ചെയ്യേണ്ടത് നമ്മുടെ കടമയാണ്. ഇതിനായി 'അന്താരാഷ്ട്ര വനിതാ ദിന്'മായ മാർച്ച് മാസം 8-ാം തീയതി മുതൽ താഴെ ചേർത്തിരിക്കുന്ന രീതിയിലുള്ള കർമ്മ പദ്ധതി 'നവജ്യോതി മോംസി'ന്റെതായി ഓരോ ഇടവകയിലും ആരംഭിക്കേണ്ടതാണ്.

(മറുപുറം)

1. ഇടവകകളിൽ നവജ്യോതി യൂണിറ്റ് ഇല്ലെങ്കിൽ ഉടൻ ആരംഭിക്കാനുള്ള ക്രമീകരണങ്ങൾ വികാരിയുടെ നേതൃത്വത്തിൽ നടത്തേണ്ടതാണ്. പ്രവർത്തനം നിലച്ചുപോയ യൂണിറ്റുകൾ പുനരാരംഭിക്കുക.
2. യുവജനപ്രസ്ഥാനം, വനിതാ സമാജം എന്നിവയുടെ സഹകരണത്തോടെ ഇടവകയിൽ സർവ്വേ നടത്തി തൊഴിൽരഹിതരായ വനിതകൾ, വിധവമാർ, അവിവാഹിതർ, ഭിന്നശേഷിയുള്ളവർ, ദാരിദ്ര്യ രേഖക്ക് താഴെയുള്ളവർ എന്നിവരെ കണ്ടെത്തി അവർക്കായി യൂണിറ്റുകൾ ആരംഭിക്കുക.
3. മൂന്നു വർഷത്തിൽ അധികമായി യൂണിറ്റുകളിലും ഭദ്രാസന തലത്തിലുമുള്ള ഭാരവാഹികൾക്ക് പകരമായി നേതൃഗുണമുള്ള പുതിയ ഭാരവാഹികളെ തെരഞ്ഞെടുക്കുക.

'മർത്തമറിയം-വനിതാസമാജ'വും 'നവജ്യോതി മോംസും' പരസ്പര സഹകരണത്തിലും പരസ്പരപൂരകമായും പ്രവർത്തിക്കേണ്ട രണ്ടു പ്രസ്ഥാനങ്ങളാണ്. ഇവയുടെ ഇടവക തലത്തിലുള്ള പ്രവർത്തനങ്ങൾക്ക് ഇടവക വികാരിമാർ പ്രത്യേക പരിഗണനയും പ്രോത്സാഹനവും നൽകണം. പള്ളി മാനേജിംഗ് കമ്മിറ്റി ഇവരുടെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ സഹായങ്ങൾ നൽകണം. 'നവജ്യോതി മോംസി'ന്റെ പ്രസിഡണ്ടായി പ്രവർത്തിക്കുന്ന അഭിവന്ദ്യ അലക്സിയോസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്തായും ജനറൽ സെക്രട്ടറി ശ്രീമതി ശാന്തമ്മ വർഗീസ്, കേന്ദ്ര ഡയറക്ടർ ഡോ. സിബി തരകൻ എന്നിവരും പ്രസ്ഥാനത്തിന്റെ പ്രവർത്തനം സംബന്ധിച്ച് യഥാസമയം അറിയിപ്പുകൾ നൽകുന്നതാണ്.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടെയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടെയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

**ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

2022 മാർച്ച് മാസം 05-ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.